ശ്രീ. കെ. ഐ. വേലായുധൻ : 1954-ൽ അങ്ങിനെ ഒരു കരാർ ഉണ്ടാക്കിയതുകൊണ്ടു് കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു് റായൽറ്റി നമ്മൾക്കു തരുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : തിരുവിതാംകൂർ-കൊച്ചിയിലെ നദീജലം ഉപയോഗപ്പെടുത്തുന്നതിനു എന്തെങ്കിലും സ്കീമുകളെപ്പറ്റി ഇപ്പോൾ ഗവണ്മെൻറു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷണങ്ങൾ എല്ലാം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. ചെറിയാൻ : നമ്മുടെ സംസ്ഥാനത്തെ പ്രധാന നദികളിൽ നിന്നും ഒഴുകിപ്പോകുന്ന വെള്ളം മുഴുവനും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കും, വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കുന്നതിനും മുൻ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ സമർപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഒരു റിപ്പോർട്ട് അങ്ങനെ ലഭിച്ചിട്ടില്ല.

ശ്രീ. എ. എ. ശിവരാമഭാരതി : മദ്രാസ് ഗവണ്മെൻറ് പറമ്പിക്കുളം എന്ന സ്ഥലത്തു് ഒരു ഡാം കെട്ടി തുടങ്ങാൻ പോകുന്നവിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ കേൾക്കുന്നതു ശരിയല്ല.

തിരുവനന്തപുരത്തെ കെട്ടിടനിർമ്മാണപദ്ധതി.

* 3. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവ്വിഭജനം ചെയ്യപ്പെടുമ്പോൾ തിരുവനന്തപുരത്തുനിന്നും തലസ്ഥാനം മാറ്റേണ്ടിവരുമെന്നു മുൻവിധിയോടുകൂടി തിരുവനന്തപുരം സിറ്റിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന കെട്ടിടനിർമ്മാണപദ്ധതികൾ ഗവണ്മെൻറ് നിറുത്തിവയ്ക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കെട്ടിടനിർമ്മാണപദ്ധതികളാണ് അപ്രകാരം നിറുത്തിവയ്ക്കുവാൻ ഉത്തരവായിട്ടുള്ളതു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ തൊഴിലാളികളുടെ മിനിമം വേജസ്.

* 4. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിൽവരുത്തിയിട്ടു് ഇപ്പോൾ എത്ര നാളുകളായി ;

LIBRARY ARCHIVES Kerala Legislative Assembly